©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2020 ഫെബ്രുവരി 18<br>18th February 2020<br>1195 കുംഭം 5<br>5th Kumbham 1195<br>1941 മാഘം 29<br>29th Magha 1941 | നമ്പർ<br>No. | 7 |

# PART III

# Police Department

ലേല പരസ്യം

നമ്പർ ഇ3-3110/2020/റ്റി. 2020 ഫെബ്രുവരി 4.

തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ അധീനതയിൽ കാഞ്ഞിരംകുളം പോലീസ് സ്റ്റേഷൻ/ക്വാർട്ടേഴ്സ് പരിസരത്ത് വീണുകിടക്കുന്നതും അപകടകരമായി നിൽക്കുന്നതുമായ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് 22-2-2020 രാവിലെ 11.30 മണിക്ക് പരസ്യമായി ലേലം ചെയ്ത് കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നു. ടി ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം കൃത്യ സമയത്ത് ലേലസ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് താഴെ പറയുന്ന പ്രകാരം നിരതദ്രവ്യം കെട്ടി വയ്ക്കേണ്ടതുമാണ്.

| ക്രമ നമ്പർ | മരം | ചുറ്റളവ് (സെന്റീമീറ്റർ) | നിരതദ്രവ്യം ₹ |
|---|---|---|---|
| 1 | അക്കേഷ്യ | 105 | 650 |
| 2 | അക്കേഷ്യ | 95 | 415 |
| 3 | പുളിവാക | 280 | 2,200 |
| 4 | വട്ട | 75 | 180 |
| 5 | വട്ട | 60 | 180 |
| | | ആകെ | 3,625 |

Gaz. No. 7/2020/DTP (Police).

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് സീൽ ചെയ്ത ദർഘാസുകൾ നേരിട്ടോ തപാൽ മാർഗ്ഗമോ 21-2-2020-ന് 4 മണിക്ക് മുൻപായി തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ കിട്ടുന്ന വിധം നൽകാവുന്നതാണ്. ദർഘാസിനോടൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽനിന്നും തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ പേരിൽ മാറാവുന്ന നിശ്ചിത തുകയ്ക്കുള്ള ഡിമാൻഡ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. ദർഘാസുകൾ ലേലത്തിന് ശേഷം തുറക്കുന്നതും യുക്തമെന്ന് തോന്നുന്നപക്ഷം ലേലത്തിലോ ദർഘാസിലോ ഏതിലാണോ തുക കൂടുതൽ ആയതിന് ലേലം താത്ക്കാലികമായി സ്ഥിരപ്പെടുത്തുന്നതായിരിക്കും.

ഇപ്രകാരം ലേലം ഉറപ്പിച്ചുകിട്ടുന്നവർ ലേലം/ദർഘാസ് തുകയുടെ പകുതി (നിശ്ചിത നിരതദ്രവ്യം ഒഴികെ) ലേലസ്ഥലത്ത് വച്ചുതന്നെ അടയ്ക്കേണ്ടതും ബാക്കി തുകയും ലേലത്തുകയുടെ 5% വനവികസന നികുതിയും അപ്രകാരമുള്ള ആകെ തുകയുടെ 18% ജി. എസ്. ടി. എന്നിവ ഉൾപ്പെടെ ലേലം ഉറപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ലഭിച്ചാലുടൻ തന്നെ അടയ്ക്കേണ്ടതും മരം സ്വന്തം ചിലവിൽ മുറിച്ചുമാറ്റേണ്ടതുമാണ്.

പ്രസ്തുത നിബന്ധനകൾക്ക് വിപരീതമായി ലേലം കൊണ്ടയാൾ നിലകൊള്ളുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും പുനർലേലം നടത്തുന്നതുമായിരിക്കും. പുനർ ലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയത് ടിയാനിൽ നിന്നും ഈടാക്കുന്നതും മുൻ തുകയേക്കാൾ കൂടുതൽ കിട്ടിയാൽ ആയതിന്മേൽ ടിയാന് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതുമല്ല. മേൽപ്പറഞ്ഞ മരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ കാഞ്ഞിരംകുളം ഐ. എസ്. എച്ച്. ഒ.-യുടെ അനുവാദത്തോടെ പരിശോധിക്കാവുന്നതാണ്. യാതൊരു മുന്നറിയിപ്പും കൂടാതെ ഈ ലേലം റദ്ദാക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

District Police Office,
Thiruvananthapuram Rural.
sptvmrl.pol@kerala.gov.in

B. Asokan I.P.S.,
*District Police Chief.*

---

ലേല പരസ്യം

നമ്പർ ഇ2-55082/2019/കെ. 2020 ജനുവരി 24.

കോട്ടയം ജില്ലാ പോലീസ് ഡിസ്ട്രിക്റ്റ് ഹെഡ് ക്വാർട്ടേഴ്സിൽ സൂക്ഷിച്ചിരിക്കുന്നതും പോലീസ് വകുപ്പിന് ഉപയോഗം ഇല്ലാത്തതുമായ ചുവടെ ചേർത്തിരിക്കുന്ന വാഹനങ്ങൾ 29-2-2020-ാം തീയതി പകൽ 11 മണിക്ക് കോട്ടയം ജില്ലാ പോലീസ് ഡിസ്ട്രിക്റ്റ് ഹെഡ് ക്വാർട്ടേഴ്സിൽ (സായുധസേനാ ക്യാമ്പിൽ) വച്ച് പരസ്യമായി പുനർ ലേലം/ടെണ്ടർ വഴി ലേലം നടത്തുന്നതാണ്.

| ക്രമ നമ്പർ | രജിസ്ട്രേഷൻ നമ്പർ | മോഡൽ | വാഹന ഇനം | നിരതദ്രവ്യം ₹ |
|---|---|---|---|---|
| 1 | KL- 01- AS 8435 | 2008 | TATA Sumo | 3,000 |
| 2 | KI- 01-AN 510 | 2006 | TATA Sumo | 2,800 |
| 3 | KL- 01- AD 4896 | 2004 | Mahindra Jeep | 8,000 |
| 4 | KL- 01-X 9479 | 2009 | Mahindra Jeep | 6,000 |
| 5 | KL-01-AS 6173 | 2008 | Mahindra Invader | 28,000 |
| 6 | KL- 01- AU 9916 | 2009 | Mahindra Invader | 2,800 |
| 7 | KL- 01- AV 421 | 2009 | Mahindra Invader | 2,900 |
| 8 | KL- 01-AS 6132 | 2008 | Mahindra Invader | 2,800 |
| 9 | KL- 01- AV 427 | 2009 | Mahindra Invader | 2,900 |
| 10 | KL- 01-AV 182 | 2009 | Mahindra Invader | 3,000 |
| 11 | KI- 01-AV 161 | 2009 | Mahindra Invader | 4,200 |
| 12 | KL- 01- AK 5546 | 2005 | Enfield Bullet | 5,000 |
| 13 | KL- 01-AH 6576 | 2005 | Bajaj CT 100 | 100 |

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലത്തിനുമുമ്പായി ലേല സ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പായി നിരതദ്രവ്യം അടച്ച് രസീത് വാങ്ങേണ്ടതുമാണ്. കൂടാതെ ഇതിലേക്ക് സീൽ ചെയ്ത ദർഘാസുകളും സ്വീകരിക്കുന്നതാണ്. ദർഘാസുകളുടെ പുറത്ത് കണ്ടം ചെയ്ത ഡിപ്പാർട്ടുമെന്റ് വാഹനങ്ങളുടെ ക്വട്ടേഷൻ എന്നെഴുതി കോട്ടയം ജില്ലാ പോലീസ് മോധാവിക്ക് 26-2-2020-ാം തീയതിക്കുമുമ്പായി ലഭിക്കത്തക്കവിധം നേരിട്ടോ തപാൽ മുഖേനയോ നൽകാവുന്നതാണ്. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യം അടച്ച രസീതും ഉണ്ടായിരിക്കണം.

ലേലം കഴിഞ്ഞാലുടൻ ക്വട്ടേഷനുകൾ തുറക്കുന്നതും ലേലത്തിലോ ക്വട്ടേഷനിലോ ഏതിൽ ആണോ കൂടുതൽ തുക വരുന്നത് ആ ആളിന് ലേലം സ്ഥിരപ്പെടുത്തിക്കൊടുക്കുന്നതും ടിയാൻ ലേലസംഖ്യയുടെ പകുതിയും മൊത്തം തുകയുടെ വിൽപ്പന നികുതിയും അപ്പോൾത്തന്നെ അടയ്ക്കേണ്ടതും ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് ലഭിച്ചാലുടൻ ബാക്കി തുക അടച്ച് ടി സാധനങ്ങൾ സ്വന്തം ചെലവിൽ കോട്ടയം ജില്ലാ പോലീസ് ഡിസ്ട്രിക്റ്റ് ഹെഡ് ക്വാർട്ടേഴ്സിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്. ലേലം കൊള്ളാത്തവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻ തിരികെ നൽകുന്നതാണ്.

മേൽപ്പറഞ്ഞ നിബന്ധനകൾക്ക് വിപരീതമായി ലേലം കൊണ്ടയാൾ പ്രവർത്തിക്കുകയാണെങ്കിൽ ടിയാൻ അടച്ച സംഖ്യ മുഴുവൻ സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും പുനർ ലേലം ചെയ്യുന്നതുമാണ്. പുനർ ലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് ലേലം കൊണ്ടയാളിൽ നിന്നും ഈടാക്കുന്നതും കൂടുതൽ തുക ലഭിച്ചാൽ ആയതിന് ടിയാന് അർഹത ഉണ്ടായിരിക്കുന്നതല്ല.

മേൽ പ്രസ്താവിച്ചിരിക്കുന്ന വാഹനങ്ങൾ ലേലത്തിനു തൊട്ടുമുമ്പുള്ള പത്ത് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെയുള്ള സമയത്ത് കോട്ടയം ജില്ലാ പോലീസ് ഡിസ്ട്രിക്റ്റ് ഹെഡ് ക്വാർട്ടേഴ്സിൽ നിന്നും ബന്ധപ്പെട്ടവരുടെ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്.

യാതൊരുകാരണവും കാണിക്കാതെ ലേലം മാറ്റി വയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം കോട്ടയം ജില്ലാ പോലീസ് മേധാവിക്കുണ്ടായിരിക്കുന്നതാണ്.

District Police Office,
Kottayam.

Sabu, P. S. IPS,
*District Police Chief.*

---

ദർഘാസ്/ലേല പരസ്യം

നമ്പർ ഇ2-36065/2019/ഐ.ഡി. 2020 ഫെബ്രുവരി 5.

ഇടുക്കി ജില്ലാ പോലീസ് മേധാവിയുടെ അധീനതയിൽ ഉള്ളതും ഡിപ്പാർട്ട്മെന്റിൽ ഉപയോഗയോഗ്യവുമല്ലാത്ത ഇടുക്കി മോട്ടോർ ട്രാൻസ്പോർട്ട് ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതുമായ ടയർ, സ്പെയർ പാർട്സുകൾ, വെയിസ്റ്റ് ഓയിൽ മുതലായവ 2020 മാർച്ച് മാസം 16-ാം തീയതി (16-3-2020) രാവിലെ 11 മണിക്ക് ഇടുക്കി, പൈനാവിലുള്ള ജില്ലാ പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് ഓഫീസിൽ വച്ച് പരസ്യലേലം/ദർഘാസ് മുഖേന വിൽപ്പന നടത്തുന്നതാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം ലേലസ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പായി നിരതദ്രവ്യമായ ₹ 5,815 (അയ്യായിരത്തി എണ്ണൂറ്റി പതിനഞ്ച്) അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ലേല നടപടി പൂർത്തിയായാലുടൻ ലേലം നഷ്ടപ്പെട്ടവർക്ക് നിരതദ്രവ്യം തിരിച്ചുനൽകുന്നതുമാണ്. കൂടാതെ ടി സാധനങ്ങളുടെ വിൽപ്പനയ്ക്ക് ദർഘാസുകൾ സ്വീകരിക്കുന്നതാണ്. സീൽ ചെയ്ത കവറിൽ ദർഘാസുകൾ ജില്ലാ പോലീസ് മേധാവിക്ക് നേരിട്ടോ തപാൽമാർഗ്ഗമോ ലേല ദിവസത്തിന് തൊട്ടുമുമ്പുള്ള ദിവസം 3 മണിക്ക് മുൻപായി സമർപ്പിക്കാവുന്നതാണ്. ദർഘാസിനോടൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും ഇടുക്കി ജില്ലാ പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയിട്ടുള്ളതും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഇടുക്കി ശാഖയിൽ നിന്നും മാറാവുന്നതുമായ നിശ്ചിത നിരതദ്രവ്യത്തിനുള്ള ഡിമാൻഡ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതുമാണ്. നിശ്ചിത നിരതദ്രവ്യം ഇല്ലാത്ത ദർഘാസുകൾ നിരസിക്കുന്നതാണ്. ദർഘാസുകൾ നൽകിയിട്ടുള്ളവർ ലേല സമയത്ത് നിർദ്ദിഷ്ട സ്ഥലത്ത് ഹാജരാകേണ്ടതാണ്. പരസ്യലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതാണ്. ലേലത്തിലോ ദർഘാസിലോ ഏതിലാണ് കൂടുതൽ തുക കാണുന്നത് ആ തുകയ്ക്ക് വിൽപന താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതുമാണ്. ലേലം സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ നിയമാനുസൃതമുള്ള ജി. എസ്. ടി. & സെസ്സ് അടക്കമുള്ള തുകയും ലേലത്തുകയുടെ പകുതിയും അപ്പോൾ തന്നെ അടയ്ക്കേണ്ടതും ബാക്കി തുക ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടി 10 ദിവസത്തിനകം അടച്ച് സാധനങ്ങൾ സ്വന്തം ചെലവിൽ കൊണ്ടുപോകേണ്ടതുമാണ്.

ലേലം കൊണ്ടയാൾ മേൽപ്പറഞ്ഞ നിബന്ധനകൾ ലംഘിച്ചാൽ അയാൾ അടച്ച നിരതദ്രവ്യം സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും ടി സാധനങ്ങൾ പുനർ ലേലം ചെയ്യുന്നതുമാണ്. പുനർ ലേലത്തിൽ സർക്കാരിന് നഷ്ടമുണ്ടായാൽ ആയതിന് ആദ്യം ലേലം കൊണ്ടയാൾ ഉത്തരവാദി ആയിരിക്കുന്നതും നഷ്ടപ്പെട്ട തുക ടിയാനിൽ നിന്നും ഈടാക്കുന്നതുമാണ്. എന്നാൽ കൂടുതൽ തുകയ്ക്ക് ലേലം ഉറപ്പിക്കുകയാണെങ്കിൽ കൂടുതൽ കിട്ടുന്ന തുകയ്ക്ക് ടിയാന് അർഹതയില്ലാത്തതുമാണ്. ടി സാധനങ്ങൾ ലേല തീയതിക്ക് മുൻപുള്ള പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെയുള്ള സമയങ്ങളിൽ ഇടുക്കി ജില്ലാ പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് ഓഫീസിൽ വച്ച് ബന്ധപ്പെട്ട ഓഫീസറുടെ അനുമതിയോടെ പരിശോധിക്കാവുന്നതാണ്. യാതൊരുകാരണവും കാണിക്കാതെ ലേലം/ദർഘാസ് നടപടികൾ നിർത്തി വയ്ക്കുന്നതിനോ മാറ്റിവയ്ക്കുന്നതിനോ ഉള്ള അധികാരം ജില്ലാ പോലീസ് മേധാവിക്ക് ഉണ്ടായിരിക്കുന്നതാണ്. ലേലം സംബന്ധിച്ച് (ലേല സമയത്തും അതിനുശേഷവും) ജില്ലാ പോലീസ് മേധാവി എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും.

| *S.l. No.* | *Items* | *Quantity/ Number* | *Price/unit* ₹ | *Upset Value* ₹ |
|---|---|---|---|---|
| 1 | Spare Parts | 650 KG | 15 | 9,750 |
| 2 | Tyre 185* 16 | 64 Nos | 60 | 3,840 |
| 3 | Tyre 205* 15 | 72 | 60 | 4,320 |
| 4 | Tyre 215* 75 | 310 | 60 | 18,600 |
| 5 | Tyre 195* 15 | 2 | 60 | 120 |
| 6 | Tyre 7* 50 | 15 | 200 | 3,000 |
| 7 | Tyre 900* 20 | 9 | 500 | 4,500 |
| 8 | Tyre 1000* 20 | 6 | 500 | 3,000 |
| 9 | Tyre 185 R 14 | 1 | 50 | 50 |
| 10 | Tyre 145* 12 | 1 | 30 | 30 |
| 11 | Tyre M/Cycle | 40 | 10 | 400 |
| 12 | Tube | 225 | 10 | 2,250 |
| 13 | Flap | 25 | 3 | 75 |
| 14 | Waste Oil | 820 Ltr. | 10 | 8,200 |
| | | | **Total** | **58,135** |

District Police Office,
Idukki.

MADHU P. K. IPS,
*District Police Chief.*

---

ലേല പരസ്യം

നമ്പർ ബി1-23767/2018/KEPA. 2020 ഫെബ്രുവരി 3.

തൃശ്ശൂർ രാമവർമ്മപുരം പോലീസ് അക്കാദമി പരിസരത്ത് താഴെ പട്ടികയിൽ കാണിച്ചിട്ടുള്ള കടപുഴകി വീണിട്ടുള്ളതും, വിവിധ സ്ഥലങ്ങളിൽ വീണുകിടക്കുന്നതും, കഷണങ്ങൾ ആക്കിയിട്ടുള്ളതുമായ മരങ്ങളും മരശിഖരങ്ങളും ബന്ധപ്പെട്ട അധികാരികൾ അനുവാദം നൽകിയതിന്റെ അടിസ്ഥാനത്തിൽ 20-2-2020-ാം തീയതി പകൽ 11 മണിക്ക് അക്കാദമി പരിസരത്തു വച്ച് പരസ്യമായി ലേലം ചെയ്തു കൊടുക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ താഴെ കാണുന്ന പ്രകാരം നിരതദ്രവ്യം കെട്ടിവെക്കേണ്ടതും കൃത്യസമയത്ത് ഹാജരാകേണ്ടതുമാണ്.

| ക്രമനമ്പർ | മരത്തിന്റെ പേര് | നിരതദ്രവ്യം ₹ |
|---|---|---|
| (1) | (2) | (3) |
| 1 | പ്ലാവുമരം (പാടുക്കാട് എൽ 1 ബാരക്കിൻ മുകളിലേക്ക് ഭാഗികമായി ഉണങ്ങി നിൽക്കുന്നത് നമ്പർ 608) | 70 |
| 2 | മഴ മരം (അക്കാദമിയിലെ അംഫിതീയേറ്ററിന് സമീപത്തുള്ള മഴമരം നമ്പർ 585) | 30 |
| 3 | അക്കാദമി റൗണ്ട് ക്വാർട്ടേഴ്സ് 64-ന്റെ മേൽക്കൂരയ്ക്കു മേലെ അപകടകരമായ രീതിയിൽ നിൽക്കുന്ന ഞാവൽ മരത്തിന്റെ ശിഖരങ്ങൾ | 5 |
| 4 | വട്ട മരം (ലൈൻ ക്വാർട്ടേഴ്സ് നമ്പർ 96-ന്റെ പരിസരത്ത് നിൽക്കുന്നത് നമ്പർ 3037) | 20 |
| 5 | എഫ് & ജി ക്വാർട്ടേഴ്സ് നമ്പർ 71, 72, 73, 74-ന്റെ പരിസരത്ത് നിൽക്കുന്ന മഴ മരം, പാല മരം എന്നിവയുടെ ശിഖരങ്ങൾ | 20 |
| 6 | ലൈൻ ക്വാർട്ടേഴ്സ് നമ്പർ 86 & 88-നു മുകളിലേക്ക് അപകടകരമായി വളർന്നു നിൽക്കുന്ന പഞ്ഞി മരത്തിന്റെ ശിഖരങ്ങൾ | 30 |
| 7 | റൗണ്ട് ക്വാർട്ടേഴ്സ് നമ്പർ 58-നു മുന്നിലായി നിൽക്കുന്ന മഴ മരത്തിന്റെ ശിഖരങ്ങൾ | 10 |

| (1) | (2) | (3) |
|---|---|---|
| 8 | മഴ മരം (സി. എഫ്. ക്വാർട്ടേഴ്സ് നമ്പർ 111-നു മുന്നിൽ നിൽക്കുന്നത് നമ്പർ 1959) | 95 |
| 9 | മഴ മരം (ട്രെയിനിങ്ങ് 2-ന്റെ റൗണ്ട് ക്വാർട്ടേഴ്സ് നമ്പർ 55-നു മുന്നിലായി നിന്നിരുന്നത്) | 235 |
| 10 | ടി. ടി. 8 കമ്പനിക്കു സമീപം നിന്നിരുന്ന മഴ മരം & മാവുമരം എന്നിവയുടെ ശിഖരങ്ങൾ | 45 |
| 11 | മിനറൽ വാട്ടർ പ്ലാന്റിന് സമീപം നിന്നിരുന്ന മഴ മരത്തിന്റെ ശിഖരങ്ങൾ | 5 |
| 12 | ടി. ടി. 6 കമ്പനിക്കു സമീപം നിന്നിരുന്ന മഴ മരം, പ്ലാവ് മരം & മാവ് മരം എന്നിവയുടെ ശിഖരങ്ങൾ | 15 |
| 13 | അക്കാദമി റൗണ്ട് ക്വാർട്ടേഴ്സ് 64-ന്റെ സമീപം നിന്നിരുന്ന ഞാവൽ മരത്തിന്റെ ശിഖരങ്ങൾ | 5 |
| 14 | പ്രൊവിഷൻ കാന്റീന് സമീപം നിന്നിരുന്ന മഴ മരത്തിന്റെ ശിഖരങ്ങൾ | 10 |
| 15 | ടി. ടി. 9 കമ്പനിക്കു സമീപം നിന്നിരുന്ന മഴ മരത്തിന്റെ ശിഖരങ്ങൾ | 10 |
| 16 | ടി. ടി. 7 കമ്പനിക്കു സമീപം നിന്നിരുന്ന മഴ മരത്തിന്റെ ശിഖരങ്ങൾ | 10 |
| 17 | മഴ മരം [അക്കാദമിയിലെ മെയിൻ ബ്ലോക്കിനു പിന്നിലായി നിന്നിരുന്നത് (3 ശാഖകൾ) മരം നമ്പർ 2754] | 160 |
| 18 | പ്ലാവ് മരം (അക്കാദമിയുടെ മെയിൻ പരേഡ് ഗ്രൗണ്ടിനു സമീപം ഉണങ്ങി നിൽക്കുന്നത് മരം നമ്പർ 610) | 85 |
| 19 | അക്കാദമിയുടെ കെന്നൽ സ്കൂളിനു സമീപം നിന്നിരുന്ന 3 തേക്ക് മരങ്ങൾ | 215 |
| 20 | മട്ടി മരം (അക്കാദമിയുടെ കെന്നൽ സ്കൂളിനു പടിഞ്ഞാറ് ഭാഗത്തായി റോഡിന് ഇടത് ഭാഗത്ത് വീണു കിടക്കുന്നത് നമ്പർ 1704) | 45 |
| 21 | അക്കേഷ്യ മരങ്ങൾ (അക്കാദമിയുടെ കെന്നൽ സ്കൂളിനു പടിഞ്ഞാറ് ഭാഗത്തായി റണ്ണിംഗ് ട്രാക്കിലേക്ക് വീണു കിടക്കുന്നത് നമ്പർ 239, 240) | 270 |
| 22 | അക്കേഷ്യ മരം (അക്കാദമിയിലെ ഫയറിംഗ് ബട്ടിനു സമീപം വീണ് കിടക്കുന്നത് നമ്പർ 356) | 5 |
| 23 | തേക്ക് മരം (ഓഡിറ്റോറിയത്തിലേക്ക് പോകുന്ന മുൻവശത്തെ ഗേറ്റിന് സമീപം നിൽക്കുന്നത് നമ്പർ 239) | 35 |
| 24 | സെൻട്രൽ സ്കൂളിന്റെ ഭാഗത്തുള്ള മരങ്ങളുടെ ശിഖരങ്ങൾ | 30 |
| 25 | ജി ബ്ലോക്കിലെ മെസ്സ് ഹാളിന്റെ മുകളിലേക്ക് അപകടകരമായ നിലയിൽ ചരിഞ്ഞ് നിന്നിരുന്ന 3 വട്ട മരങ്ങൾ മുറിച്ചു മാറ്റിയത് | 15 |
| 26 | അക്കാദമി എ ടൈപ്പ് ക്വാർട്ടേഴ്സിന്റെ സമീപം നിൽക്കുന്ന കന്നി വാക മരത്തിന്റെ രണ്ട് ശിഖരങ്ങൾ മുറിച്ചു മാറ്റിയത് (നമ്പർ 2068) | 60 |

ലേലത്തിൽ പരാജയപ്പെടുന്നവർക്ക് ലേലം കഴിഞ്ഞ ഉടനെ അവർ അടച്ച നിരതദ്രവ്യം തിരിച്ചു നൽകുന്നതായിരിക്കും. ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തിയ വ്യക്തി ലേലത്തുക മുഴുവനായും (നിരതദ്രവ്യം കഴിച്ച് ബാക്കി തുക) സർക്കാർ നിശ്ചയിച്ചിട്ടുള്ള ചരക്ക് സേവന നികുതിയായ 18% (Fire wood ഒഴികെ) രണ്ടും കൂടിയുള്ള ആകെ തുകയുടെ 5% തുക ഫോറസ്റ്റ് ഡെവലപ്മെന്റ് ടാക്സ് എന്നിവ ലേല സ്ഥലത്തു വച്ച് തന്നെ കേരള പോലീസ് അക്കാദമി കാഷ്യർ വശം അടച്ച് രസീതി കൈപ്പറ്റേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തിയിട്ടുള്ളതായ അറിയിപ്പ് ഈ ഓഫീസിൽ നിന്നും ലഭിച്ചു കഴിഞ്ഞാൽ എത്രയും പെട്ടെന്ന് ലേലം കൈക്കൊണ്ടയാൾ സ്ഥലത്തുനിന്നും സ്വന്തം ചെലവിൽ മരം നീക്കം ചെയ്യേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ലേലം സ്ഥിരപ്പെടുത്തി കിട്ടുന്ന ആൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച സംഖ്യ സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും ടി മരങ്ങൾ പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർലേലത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും മറിച്ച് കൂടുതലായി ലഭിക്കുന്ന തുകയ്ക്ക് മുൻ ലേലക്കാരന് യാതൊരുവിധ അവകാശമോ അർഹതയോ ഉണ്ടായിരിക്കുന്നതുമല്ല.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 11 മണി മുതൽ 4 മണി വരെയുള്ള സമയങ്ങളിൽ മേൽപ്പറഞ്ഞ മരങ്ങൾ അക്കാദമി എസ്റ്റേറ്റ് ഓഫീസറുടെ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്. പരിശോധനയ്ക്ക് വരുന്നവരും ലേലത്തിൽ പങ്കെടുക്കുന്നവരും സ്വന്തം തിരച്ചറിയൽ രേഖ കൈവശം വെയ്ക്കേണ്ടതും ആവശ്യപ്പെടുന്നപക്ഷം ഹാജരാക്കേണ്ടതുമാണ്.

യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം മാറ്റിവെക്കുന്നതിനും സ്ഥിരപ്പെടുത്തുന്നതിനും ഉള്ള അധികാരം കേരള പോലീസ് അക്കാദമി ഡയറക്ടറിൽ നിക്ഷിപ്തമാണ്. ലേലം സംബന്ധിച്ച എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമായിരിക്കും.

കേരള പോലീസ് അക്കാദമി,
തൃശ്ശൂർ.
dirkepa.pol@kerala.gov.in.

നീരജ് കുമാർ ഗുപ്ത ഐ. പി. എസ്.,
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്
(ഡയറക്ടർക്കുവേണ്ടി).

## ലേലപരസ്യം

നമ്പർ ഇ2-74238/2019/പി. 2020 ജനുവരി 27.

പാലക്കാട് ജില്ലാ പോലീസ് മേധാവിയുടെ അധീനതയിലുള്ളതും പാലക്കാട് ജില്ലാ സായുധ സേന ഡെപ്യൂട്ടി കമാണ്ടന്റിന്റെ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ളതും പോലീസ് ഡിപ്പാർട്ട്മെന്റിന് ഉപയോഗമല്ലാത്തതുമായ താഴെ പറയുന്ന വാഹനങ്ങൾ 25-2-2020-ാം തീയതി പകൽ 11 മണിക്ക് പ്രസ്തുത കാര്യാലയത്തിൽ വച്ച് പരസ്യമായി ലേലം/ടെണ്ടർ വഴി വിൽപ്പന നടത്തുന്നതാണ്.

| ക്രമ നമ്പർ | വാഹന നമ്പർ | ഇനം | മോഡൽ | നിരതദ്രവ്യം ₹ |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | KL 01 AV 172 | Invader | 2009 | 4,400 |
| 2 | KL 01 AU 9904 | Invader | 2009 | 4,400 |
| 3 | KL 01 AV 433 | Invader | 2009 | 3,500 |
| 4 | KL 01 AH 5099 | Bajaj CT 100 | 2005 | 150 |
| 5 | KL 01 AH 2575 | Bajaj CT 100 | 2005 | 150 |
| 6 | KL 01 AH 2574 | Bajaj CT 100 | 2005 | 150 |
| 7 | KL 01 AS 3549 | Kinetic 4S Scooter | 2008 | 150 |
| 8 | KL 01 AS 3634 | Kinetic 4S Scooter | 2008 | 150 |
| 9 | KL 01 AS 3546 | Kinetic 4S Scooter | 2008 | 150 |
| 10 | KL 01 AS 3559 | Kinetic 4S Scooter | 2008 | 150 |
| 11 | KL 01 X 9981 | Tata Bus | 2002 | 5,000 |
| 12 | KL 01 X 9247 | Tata Bus | 2002 | 5,000 |
| 13 | KL 01 X 9241 | Maruthi Omni | 2002 | 2,000 |
| 14 | KL 01 AU 9562 | Tata Bus | 2008 | 4,000 |
| 15 | KL 01 AD 4830 | Mahindra Jeep | 2004 | 3,500 |
| 16 | KL 01 X 9056 | Mahindra Jeep | 2002 | 5,000 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 17 | KL 01 AM 393 | Mahindra Jeep | 2006 | 9,500 |
| 18 | KL 01 AG 9529 | Mahindra Jeep | 2005 | 8,500 |
| 19 | KL 01 AG 9521 | Mahindra Jeep | 2005 | 8,000 |
| 20 | KL 01 AD 4742 | Mahindra Jeep | 2004 | 7,500 |
| 21 | KL 01 S 834 | Mahindra Jeep | 2000 | 7,000 |
| 22 | KL01 AK 5675 (Bullet) | Royal Enfield Motor Cycle | 2005 | 5,000 |
| 23 | KL01 AK 5683 (Bullet) | Royal Enfield Motor Cycle | 2005 | 5,000 |
| 24 | KL01 AK 5688 (Bullet) | Royal Enfield Motor Cycle | 2005 | 5,000 |
| 25 | KL01 AK 5690 (Bullet) | Royal Enfield Motor Cycle | 2005 | 5,000 |
| 26 | KL01 AG 8301 (Bullet) | Royal Enfield Motor Cycle | 2005 | 5,000 |
| 27 | KL 01 AH 2520 | Bajaj CT 100 Motor Cycle | 2005 | 150 |
| 28 | KL 01 AH 2524 | Bajaj CT 100 Motor Cycle | 2005 | 130 |
| 29 | KL 01 AH 2534 | Bajaj CT 100 Motor Cycle | 2005 | 150 |
| 30 | KL 01 AH 2545 | Bajaj CT 100 Motor Cycle | 2005 | 150 |
| 31 | KL 01 AH 2557 | Bajaj CT 100 Motor Cycle | 2005 | 140 |
| 32 | KL 01 AH 5067 | Bajaj CT 100 Motor Cycle | 2005 | 150 |
| 33 | KL 01 AH 5075 | Bajaj CT 100 Motor Cycle | 2005 | 150 |
| 34 | KL 01 AH 5087 | Bajaj CT 100 Motor Cycle | 2005 | 150 |
| 35 | KL 01 X 9607 | Hero Honda Motor Cycle | 2002 | 150 |
| 36 | KL 01 X 9608 | Hero Honda Motor Cycle | 2002 | 150 |
| 37 | KL 01 X 9609 | Hero Honda Motor Cycle | 2002 | 150 |
| 38 | KL 01 X 9610 | Hero Honda Motor Cycle | 2002 | 150 |
| 39 | KL 01 X 9612 | Hero Honda Motor Cycle | 2002 | 150 |
| 40 | KL 01 X 9613 | Hero Honda Motor Cycle | 2002 | 150 |
| 41 | KL 01 X 9614 | Hero Honda Motor Cycle | 2002 | 140 |
| 42 | KL 01 X 9615 | Hero Honda Motor Cycle | 2002 | 150 |
| 43 | KL 01 X 9616 | Hero Honda Motor Cycle | 2002 | 150 |
| 44 | KL 01 AN 32 | Ambassador Car | 2006 | 2,000 |
| 45 | KL 01 AN 3589 | Tata Sumo | 2006 | 3,000 |
| 46 | KL 01 AS 6255 | Invader | 2008 | 4,000 |
| 47 | KL 01 AU 5329 | Invader | 2008 | 4,000 |
| 48 | KL 01 AQ 4448 | Tavera | 2007 | 3,600 |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലം നടക്കുന്ന സ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പായി മേൽപ്പറഞ്ഞ വാഹനത്തിന് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലം കൊള്ളാത്തവരുടെ നിരതദ്രവ്യം തിരികെ നൽകുന്നതാണ്.

ടി വാഹനങ്ങൾ വാങ്ങാൻ ഉദ്ദേശിക്കുന്നവർ ദർഘാസുകൾ മുൻകൂട്ടി സീൽ ചെയ്ത് കവറിൽ നേരിട്ടോ തപാൽ മാർഗ്ഗമോ പാലക്കാട് ജില്ലാ സായുധ സേന ഡെപ്യൂട്ടി കമാണ്ടന്റിന്റെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. ദർഘാസിനോടൊപ്പം ഓരോ വാഹനത്തിനും നിരതദ്രവ്യമായി മേൽപറഞ്ഞ നിരക്കിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും പാലക്കാട് ജില്ലാ പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയ ഡിമാൻഡ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. ദർഘാസുകൾ അടക്കം ചെയ്ത കവറിനുമുകളിൽ “വാഹന ലേലത്തിനുള്ള ടെൻഡർ” എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ഓരോ വാഹനത്തിനും പ്രത്യേക കവറുകളിൽ ദർഘാസുകൾ അയയ്ക്കേണ്ടതാണ്.

ലേലം കൊണ്ടയാൾ ഈ നിബന്ധനകൾ ലംഘിച്ചാൽ ബന്ധപ്പെട്ടയാളുടെ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും വാഹനം പുനർലേലം നടത്തുന്നതുമാണ്. പുനർ ലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതിന് ലേലം കൊണ്ടയാൾ ഉത്തരവാദിയാകുന്നതും നഷ്ടപ്പെട്ട സംഖ്യ ടിയാനിൽ നിന്നും ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതുമാണ്. പുനർ ലേലത്തിൽ കൂടുതൽ സംഖ്യ ലഭിച്ചാൽ ടിയാൻ ആയതിന് അവകാശി ആയിരിക്കുന്നതല്ല. ലേല വസ്തുക്കൾ (വാഹനം) ലേലത്തിന് മുൻപുള്ള 10 പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെയുള്ള പ്രവൃത്തി സമയങ്ങളിൽ പാലക്കാട് ജില്ലാ സായുധ സേന ക്യാമ്പിൽ ഡെപ്യൂട്ടി കമാണ്ടന്റിന്റെ മുൻകൂർ അനുമതിയോട് കൂടി പരിശോധിക്കാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ തന്നെ ഈ നോട്ടീസ് പ്രകാരമുള്ള ലേലം മാറ്റി വയ്ക്കുന്നതിനോ ലേലം/ദർഘാസുകൾ വിൽപ്പന അസ്ഥിരപ്പെടുത്തുകയോ ചെയ്യുവാനുള്ള പൂർണ്ണ അധികാരം ജില്ലാ പോലീസ് മേധാവിക്കുണ്ടായിരിക്കുന്നതാണ്.

ജില്ലാ പോലീസ് ഓഫീസ്,
പാലക്കാട്.

**ജി. ശിവ വിക്രം ഐ. പി. എസ്.,**
ജില്ലാ പോലീസ് മേധാവി.

---

## ലേലപ്പരസ്യം

നമ്പർ എസ്.കെ.-6728/2015/എം. 2019 ഡിസംബർ 16.

മലപ്പുറം ജില്ലയിലെ മലബാർ സ്പെഷ്യൽ പോലീസ് കമാണ്ടന്റിന്റെ അധീനതയിലുള്ളതും ബറ്റാലിയൻ ആസ്ഥാനത്ത് മോട്ടോർ ട്രാൻസ്പോർട്ട് വിങ്ങിൽ സൂക്ഷിച്ചിട്ടുള്ളതുമായ താഴെ പറയുന്ന 19 വകുപ്പ് വാഹനങ്ങൾ 10-3-2020-ാം തീയതി രാവിലെ 11 മണിക്ക് എം.എസ്.പി. ബറ്റാലിയൻ ആസ്ഥാനത്ത് വെച്ച് പരസ്യമായി ലേലം ചെയ്തു വില്പന നടത്തുന്നതാണ്.

| ക്രമ നമ്പർ | രജിസ്ട്രേഷൻ നമ്പർ | ഇനം | മോഡൽ | നിരതദ്രവ്യം ₹ |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | KL 10 D 4430 | Eicher Bus | 1995 | 5,000 |
| 2 | KL 10 G 4447 | Eicher Bus | 1997 | 5,000 |
| 3 | KL 01 K 7941 | Eicher Bus | 1997 | 5,000 |
| 4 | KL 01 K 7939 | Eicher Bus | 1996 | 5,000 |
| 5 | KL 10 D 5698 | Eicher Bus | 1995 | 5,500 |
| 6 | KL 10 E 9283 | Maheendra Jeep | 1996 | 6,000 |
| 7 | KL 01 X 9897 | Hero Honda CD 100 M/C | 2002 | 1,000 |
| 8 | Kl 01 Y 9119 | Tata 709 Bus | 2002 | 8,500 |
| 9 | Kl 01 Y 9120 | Tata 709 Bus | 2002 | 8,500 |
| 10 | Kl 01 Z 754 | Tata 709 Bus | 2002 | 8,500 |
| 11 | Kl 01 X 9492 | Tata 709 Bus | 2002 | 8,500 |
| 12 | Kl 01 X 9902 | Tata 709 Bus | 2002 | 8,500 |
| 13 | Kl 01 X 9926 | Tata 709 Bus | 2002 | 8,500 |
| 14 | Kl 01 X 9927 | Tata 709 Bus | 2002 | 8,500 |
| 15 | Kl 01 B 7354 | Eicher Ambulance | 1991 | 5,500 |
| 16 | Kl 01 Z 7174 | Hero Honda CD 100 M/C | 2002 | 1,000 |
| 17 | Kl 01 X 9903 | Tata 709 Bus | 2002 | 8,500 |
| 18 | Kl 01 X 9493 | Tata 709 Bus | 2002 | 6,000 |
| 19 | Kl 01 X 9369 | Tata 709 Open Lorry | 2002 | 6,000 |

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലം ആരംഭിക്കുന്നതിന് ഒരു മണിക്കൂർ മുമ്പ് തന്നെ മേൽ പറഞ്ഞ നിരക്കിലുള്ള നിരതദ്രവ്യം ലേല സ്ഥലത്ത് അടച്ച് രശീതി വാങ്ങിയിരിക്കേണ്ടതും കൃത്യ സമയത്ത് ലേല സ്ഥലത്ത് ഹാജരായിരിക്കേണ്ടതുമാണ്.

മേൽ പറഞ്ഞ ലേലത്തിന് മുദ്ര വെച്ച ദർഘാസുകളും സ്വീകരിക്കുന്നതാണ് (ടെൻഡർ ഫോറത്തിന്റെ വില ₹ 400 + ജി.എസ്.ടി. 18% + 1% സെസ്സ് = ₹ 473. ക്രമനമ്പർ 8, 9, 10, 11, 12, 13, 14, 17 ഓരോന്നിനും, ₹ 300 + ജി.എസ്.ടി. 18% + 1% സെസ്സ് = ₹ 355. വാഹനങ്ങൾ ഓരോന്നിനും). ദർഘാസുകൾ നേരിട്ടോ തപാൽമാർഗ്ഗമോ മലബാർ സ്പെഷ്യൽ പോലീസ് കമാണ്ടന്റിന്റെ കാര്യാലയത്തിൽ 10-3-2020-ാം തീയതി 10 മണിക്ക് മുമ്പായി ലഭിക്കേണ്ടതാണ്. ദർഘാസിനൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും മലബാർ സ്പെഷ്യൽ പോലീസ് കമാണ്ടന്റിന്റെ പേരിൽ എടുത്ത ഡിമാന്റ് ഡ്രാഫ്റ്റ് അല്ലെങ്കിൽ നിരതദ്രവ്യം അടച്ച രശീതി അടക്കം ചെയ്യേണ്ടതാണ്. ദർഘാസുകൾ അടക്കം ചെയ്ത കവറിന് മുകളിൽ വാഹന ലേലത്തിനുള്ള ദർഘാസ് എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ വകുപ്പ് വാഹനങ്ങളുടെ രജിസ്റ്റർ നമ്പരുകളും ഇതോടൊപ്പം വ്യക്തമാക്കേണ്ടതാണ്.

പരസ്യലേലം കഴിഞ്ഞ ഉടൻ ബന്ധപ്പെട്ടവരുടെ മുന്നിൽ വെച്ച് ദർഘാസുകൾ തുറക്കുന്നതും പരസ്യലേലത്തിൽ അഥവാ ദർഘാസിൽ ഏതിലാണോ കൂടുതൽ തുകയുള്ളത് ആയതിന് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും ലേലം കൈക്കൊണ്ടയാൾ ലേലം/ദർഘാസ് തുകയുടെ പകുതി സംഖ്യ നിരതദ്രവ്യം കഴിച്ച് ലേലസ്ഥലത്ത് വെച്ച് അപ്പോൾ തന്നെ അടച്ച് രശീതി വാങ്ങേണ്ടതുമാണ്. ബാക്കി തുക നികുതി ഉൾപ്പെടെ ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവ് തീയതി മുതൽ പത്ത് ദിവസത്തിനകം അടച്ചതിനുശേഷം സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ലേല വസ്തുക്കൾ നീക്കം ചെയ്യേണ്ടതാണ്. ലേലം/ദർഘാസ് നഷ്ടപ്പെട്ടവർക്ക് നിരതദ്രവ്യം തിരിച്ച് നല്കുന്നതാണ്.

ഏതെങ്കിലും കാരണവശാൽ ലേലം/ദർഘാസ് സ്ഥിരപ്പെടുത്തിക്കിട്ടുന്ന വ്യക്തി ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും മേൽപ്പറഞ്ഞ വകുപ്പ് വാഹനങ്ങൾ പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർലേലത്തിൽ സർക്കാരിന് ഉണ്ടാകുന്ന നഷ്ടം മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും മറിച്ച് കൂടുതലായി ലഭിക്കുന്ന തുകയ്ക്ക് മുൻ ലേലക്കാരന് യാതൊരുവിധ അവകാശമോ അർഹതയോ ഉണ്ടായിരിക്കുന്നതുമല്ല.

ലേലത്തിന് നിശ്ചയിച്ചിരിക്കുന്ന വകുപ്പ് വാഹനങ്ങൾ ലേല തീയതിക്ക് മുമ്പുള്ള പത്ത് പ്രവർത്തി ദിവസങ്ങളിൽ 10 മണി മുതൽ 5 മണി വരെ ഏതെങ്കിലും സമയത്ത് എം.എസ്.പി. മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടറുടെ അനുമതിയോടെ പരിശോധിക്കാവുന്നതാണ്.

യുക്തമെന്ന് തോന്നുന്നപക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കാണിക്കാതെ ലേലം നിർത്തി വെയ്ക്കുന്നതിനും ലേലം/ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനും ലേല നടപടിക്രമങ്ങൾ റദ്ദ് ചെയ്യുന്നതിനും എം.എസ്.പി. കമാണ്ടന്റിന് അധികാരമുണ്ടായിരിക്കുന്നതാണ്. ലേലം സംബന്ധിച്ച് എം. എസ്. പി. കമാണ്ടന്റിന്റെ തീരുമാനം അന്തിമമായിരിക്കും.

ഫോൺ-0483 2734921

Malabar Special Police,
Malappuram.

Abdul Karim, U. IPS,
*Cammandant (i/c).*

---

ലേല/പുനർ ലേലപരസ്യം

നമ്പർ ഇ2-21350/2018/ജി. 2020 ജനുവരി 25.

കാസറഗോഡ് ജില്ലാ പോലീസ് മേധാവിയുടെ അധീനതയിൽ ഉള്ളതും കാസറഗോഡ് സായുധ സേന ക്യാമ്പിൽ സൂക്ഷിച്ചിരിക്കുന്നതും ഡിപ്പാർട്ട്മെന്റിന് ഉപയോഗയോഗ്യമല്ലാത്തതുമായ താഴെ വിവരിക്കുന്ന ഡിപ്പാർട്ടുമെന്റ് വാഹനങ്ങൾ 24-2-2020-ാം തീയതി പകൽ 11 മണിക്ക് പ്രസ്തുത ക്യാമ്പിൽ വച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്.

**ലേലം**

| ക്രമ നമ്പർ | വാഹനത്തിന്റെ പേരും രജിസ്റ്റർ നമ്പരും | മോഡൽ | നിരതദ്രവ്യം ₹ |
|---|---|---|---|
| 1 | KL 01 AU 9927 Invader | 2009 | 9,900 |
| 2 | KL 01 AU 9962 Invader | 2009 | 9,900 |
| 3 | KL 01 AS 6118 Invader | 2008 | 6,000 |

**പുനർ ലേലം**

| ക്രമ നമ്പർ | വാഹനത്തിന്റെ പേരും രജിസ്റ്റർ നമ്പരും | മോഡൽ | നിരതദ്രവ്യം ₹ |
|---|---|---|---|
| 1 | KL 01 X 9881 (Hero Honda) | 2002 | 200 |
| 2 | KL 01 X 9254 (Tata 709 Bus) | 2002 | 4,950 |
| 3 | KL 01 AH 2648 (Bajaj CT 100) | 2005 | 200 |
| 4 | KL 01 AH 6776 (Bajaj CT 100) | 2005 | 200 |
| 5 | KL 01 H 6765 (Bajaj CT 100) | 2005 | 200 |
| 6 | KL 01 AQ 4328 (Leyland Bus) | 2007 | 10,500 |
| 7 | KL 01 AQ 4346 (Chevrolet Tavera) | 2007 | 4,950 |
| 8 | KL 01 AQ 4350 (Chevrolet Tavera) | 2007 | 4,950 |
| 9 | KL 01 AU 5993 (Mahindra Invader) | 2008 | 4,950 |
| 10 | KL 01 AU 5402 (Mahindra Invader) | 2008 | 4,750 |
| 11 | KL 01 AU 5302 (Mahindra Invader) | 2008 | 4,000 |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം ലേല സ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് അതതു വാഹനങ്ങൾക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള നിരതദ്രവ്യം അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലം നഷ്ടപ്പെട്ടവർക്ക് നിരതദ്രവ്യം തിരിച്ചു നൽകുന്നതാണ്. കൂടാതെ ടി വാഹനങ്ങളുടെ വിൽപനയ്ക്ക് ദർഘാസുകൾ സ്വീകരിക്കുന്നതാണ്. മുൻകൂട്ടി സീൽ ചെയ്ത കവറിൽ ദർഘാസുകൾ നേരിട്ടോ തപാൽമാർഗ്ഗമോ കാസറഗോഡ് ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയത്തിൽ സ്വീകരിക്കുന്നതാണ്. ദർഘാസിനോടൊപ്പം ഓരോ വാഹനത്തിനും നിരതദ്രവ്യമായി മേൽപ്പറഞ്ഞ നിരക്കിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും കാസറഗോഡ് ജില്ലാ പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയിട്ടുള്ളതും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കാസറഗോഡ് ശാഖയിൽ നിന്നും മാറാവുന്നതുമായ നിശ്ചിത നിരതദ്രവ്യം ഇല്ലാത്ത ദർഘാസുകൾ നിരസിക്കുന്നതാണ്. കവറിനുമുകളിൽ ''വാഹന ലേലത്തിനുള്ള ദർഘാസ്'' എന്നും വാഹന നമ്പരും വ്യക്തമായി എഴുതിയിരിക്കണം. ഓരോ വാഹനത്തിനുമുള്ള ദർഘാസ് പ്രത്യേകം കവറിൽ അയയ്ക്കേണ്ടതാണ്. ദർഘാസുകൾ നൽകിയിട്ടുള്ളവർ ലേല സ്ഥലത്ത് നിർദ്ദിഷ്ട സമയത്ത് ഹാജരാകേണ്ടതാണ്.

പരസ്യലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ ദർഘാസിലോ കൂടുതൽ തുക കാണുന്നത് ആ തുകയ്ക്ക് വിൽപ്പന താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതുമാണ്. ലേലം സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ നിയമാനുസരണമുള്ള മുഴുവൻ ചരക്കു സേവന നികുതി, പ്രളയ സെസ്സ് അടക്കമുള്ള ലേലം/ദർഘാസ് തുകയുടെ പകുതി ലേല സ്ഥലത്തുവച്ച് അടയ്ക്കേണ്ടതും ലേലം/ദർഘാസ് സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടി 10 ദിവസത്തിനകം ബാക്കി തുകയും അടച്ച് വാഹനം സ്വന്തം ചെലവിൽ കൊണ്ടുപോകേണ്ടതുമാണ്.

ലേലം കൊണ്ടയാൾ മേൽപ്പറഞ്ഞ നിബന്ധനകൾ ലംഘിച്ചാൽ അയാൾ അടച്ച നിരതദ്രവ്യം സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും വാഹനം പുനർലേലം ചെയ്യുന്നതുമാണ്. പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതിന് മുൻലേലക്കാരൻ ഉത്തരവാദിയാകുന്നതും ആയത് ടിയാനിൽ നിന്നും ഈടാക്കുന്നതുമാണ്. എന്നാൽ പുനർലേലത്തിൽ കൂടുതൽ തുക ലഭിച്ചാൽ ആയതിന് ടിയാൻ അർഹനായിരിക്കുന്നതല്ല.

ലേലം ചെയ്യപ്പെടുന്ന വാഹനം എല്ലാ പ്രവർത്തിദിവസങ്ങളിലും രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെയുള്ള സമയത്ത് ക്യാമ്പിൽ ബന്ധപ്പെട്ടവരുടെ അനുമതിയോടെ പരിശോധിക്കാവുന്നതാണ്. ഏതെങ്കിലും തരത്തിലുള്ള സംശയനിവാരണത്തിനായി 04994 230 088 എന്ന ഫോൺ നമ്പരിൽ ഓഫീസ് സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ഈ നോട്ടീസിൻ പ്രകാരമുള്ള ലേലം/ദർഘാസ് നടപടികൾ മാറ്റിവയ്ക്കുകയോ അസ്ഥിരപ്പെടുത്തുകയോ ചെയ്യുവാനുള്ള പൂർണ്ണ അധികാരം കാസറഗോഡ് ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

District Police Office,
Kasaragod.

JAMES JOSEPH IPS,
*District Police Chief.*